ഇറയം റിസർച്ച് ജേർണൽ
Volume 5 Issue 1

# രസം എന്ന സാംസ്കാരികാനുഭവം

-ഷൂബ കെ. എസ്സ്

സാംസ്കാരികവിമർശനങ്ങളുടെ ലോകസാഹചര്യത്തിലാണ് രസ സിദ്ധാന്തം എന്ന ഭാരതീയമായ കാവ്യസിദ്ധാന്തം ചർച്ചയ്ക്ക് എടുക്കുന്നത്. കലാനുഭവത്തെ കുറിക്കുന്ന ഇന്ത്യൻ സംജ്ഞയാണ് രസം. കൃതിയിൽ നിന്നും എന്ത് ലഭിക്കുന്നു എന്നതിന്റെ ഉത്തരം.കൃതിക്കും കൃതിയുടെ സൗന്ദര്യ കാരണങ്ങളെക്കുറിച്ചുള്ള പഠനത്തിനും (വർക്ക് ഓഫ് ആർട്ടിനും പൊയറ്റിക്സിനും) പല പേരുകൾ സംസ്കൃതപാരമ്പര്യത്തിൽ ഉണ്ട്. ക്രിയാകല്പമെന്ന് വാല്മീകിയും സാഹിത്യമെന്ന് വിശ്വനാഥനും (പതിനാലാം നൂറ്റാണ്ട്) കാവ്യമീമാംസ,സാഹിത്യ വിദ്യ എന്നൊക്കെ രാജശേഖരനും (പത്താംനൂറ്റാണ്ട് ) കാവ്യശാസ്ത്രം എന്ന് ഭോജദേവനും ( പതിനാറാംനൂറ്റാണ്ട് ) അലങ്കാരശാസ്ത്രമെന്ന് മറ്റ് പലരും പ്രയോഗിക്കുന്നുണ്ട്. എന്നാൽ കാവ്യാനുഭവത്തിനും കാവ്യ സൗന്ദര്യത്തിനും രസം എന്ന വാക്കാണ് ഭാരതീയർ പൊതുവെ ഉപയോഗിക്കുന്നത്. രസം എങ്ങനെ ഉണ്ടാകുന്നു എന്ന ചോദ്യത്തിനുത്തരമാണ് ഇന്ത്യയിൽ പല കാവ്യ സിദ്ധാന്തങ്ങളായി മാറിയത്. ലഭ്യമായ ആദ്യ സിദ്ധാന്തം നാട്യശാസ്ത്രകാരന്റേതാണ്. എന്നാൽ രസമാണ് കാവ്യാത്മാവ് എന്ന സിദ്ധാന്തത്തിന്റെ അവതാരകൻ ശൗദ്ധോദനി എന്നയാളാണ് എന്ന് പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കേശവമിത്രൻ എന്നയാൾ പറയുന്നുണ്ട്.(അലങ്കാര ശേഖരം) പക്ഷെ അതിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ആ നിലയിൽ നാട്യശാസ്ത്രകാരന്റെ അഭിപ്രായമാണ് രസസിദ്ധാന്തങ്ങളുടെ തുടക്കം എന്ന് പറയാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിനുണ്ടായ വ്യാഖ്യാനങ്ങളും പല സിദ്ധാന്തങ്ങളായി മാറി.

സാംസ്കാരിക വിമർശനത്തിന്റെ സമകാലത്തോട് പ്രാചീന ഭാരതീയ കാവ്യ സിദ്ധാന്തമായ രസസിദ്ധാന്തം എങ്ങനെ പ്രതികരിക്കുന്നു എന്ന് രസത്തെക്കുറിച്ചുള്ള അന്വേഷണം എത്തിച്ചേരാവുന്നതാണ്.

**രസം എന്ന പദം -പൂർവ്വാർത്ഥങ്ങൾ**

ആസ്വാദ്യമായത്, സത്ത തുടങ്ങി അർത്ഥങ്ങൾ വേദോപനിഷത്തുകളിൽ കാണാം. ജലം, പാല്, ചെടിയുടെ ചാറ്, ബ്രഹ്മം എന്നൊക്കെ അർത്ഥമുണ്ട്. ഉപനിഷത്തിലെ ബ്രഹ്മത്തിന് അലൗകികമായ അർത്ഥമില്ല. ഛാന്ദോഗ്യോപനിഷത്തിൽ ബ്രഹ്മത്തിന് ചിത്തമെന്നും ധ്യാനമെന്നും വിജ്ഞാനമെന്നും ബലമെന്നും അന്നമെന്നും തേജസ്സെന്നും ആകാശമെന്നും സ്മരണമെന്നും ആശയെന്നും പ്രാണനെന്നും അർത്ഥം പറഞ്ഞ് പോകുന്നുണ്ട്. അതായത് ഉപനിഷത്തിലെ ബ്രഹ്മത്തിനും ഭൗതികമായ സത്ത എന്നേ അർത്ഥമുള്ളൂ. നാട്യശാസ്ത്രകാരൻ രസത്തിന് കാവ്യാനുഭവം എന്ന അർത്ഥം നൽകുന്നു. രസം എന്ന സങ്കല്പം തന്നെ അഥർവ്വവേദത്തിൽ നിന്നാണ് എന്ന് അദ്ദേഹം പറയുന്നുണ്ട്. കേവല ജീവിതാനുഭവവും കാവ്യാനുഭവവും തമ്മിൽ വ്യത്യാസമുണ്ടോ? ഇതാണ് എല്ലാ കലാചിന്തകരെയും നയിച്ചിരുന്ന ചോദ്യം. കേവലമായ ജീവിതാനുഭവവും കലാനുഭവവും തമ്മിലുള്ള വ്യത്യാസമെന്ത് എന്നതാണ് അന്വേഷണ വിഷയം. നമ്മുടെ പ്രിയപ്പെട്ട ഒരാൾ മരിക്കുന്നു. മകൻ മരിക്കുന്നു, കൂട്ടുകാരിയുടെ മകൻ മരിക്കുന്നു. നമ്മൾ ദു:ഖിക്കുന്നു. ഈ ദു:ഖാനുഭവവും ഒരു നാടകത്തിലെ ദു:ഖാനുഭവവും തമ്മിൽ വ്യത്യാസമുണ്ട് .നാടകത്തിലെ ദുഃഖം കണ്ടിട്ട് നല്ലത് എന്ന് പറയുന്നു. ജീവിതത്തിലെ പ്രതികരണം അങ്ങനെയല്ല .ഇതെങ്ങനെ സംഭവിക്കുന്നു. ജീവിതാനുഭവവും കലാനുഭവവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്ത് എന്നതാണ് കലാ ചിന്തകരുടെ അന്വേഷണ വിഷയം. ജീവിതത്തിലെ ദുഖവും കലയിലെ ദുഃഖവും തമ്മിലുള്ള ദുഃഖമെന്ത് ഇതാണ് ഏതാണ്ട് എല്ലാവരും അന്വേഷിച്ചത്.

കേവലമായ അനുഭവത്തിൽ നിന്നും കലാനുഭവം എങ്ങനെ വേറിട്ടു നിൽക്കുന്നു? അങ്ങനെ വേറിട്ടു നിൽക്കുന്നുണ്ടോ? എങ്ങനെയാണ് അനുഭവങ്ങൾ വിനിമയം ചെയ്യുന്നത് എന്നിങ്ങനെ ഉള്ള ചോദ്യങ്ങളാണ് പ്ലേറ്റോ മുതലുള്ള പാശ്ചാത്യ കലാ ചിന്തകരും ഭാരതീയ ചിന്തകരും നേരിട്ടത്. കൃതി ഒരു സാംസ്കാരിക ഉത്പന്നമായി കാണുന്ന പുതിയ കാല സാംസ്കാരിക ചിന്തകരും അത് തന്നെയാണ് സംബോധന ചെയ്യുന്നത്.ഇതിനുള്ള നാട്യശാസ്ത്രകാരന്റെ ഉത്തരമാണ് പരിശോധിക്കുന്നത്.

കാവ്യാനുഭവം ജീവിതത്തിൽ നിന്നും വളരെയേറെ അകന്ന് നിൽക്കുന്ന ഒന്നാണ് എന്ന അഭിപ്രായം നാട്യശാസ്ത്രകാരനില്ല. പല കറികൾ കൂട്ടി ആഹാരം കഴിക്കുമ്പോൾ കിട്ടുന്ന രസം പോലുള്ള രസം തന്നെയാണ് കാവ്യരസത്തിലും എന്ന് അദ്ദേഹം പറയുന്നുണ്ട്.പലവ്യഞ്ജനങ്ങൾ ചേർത്ത് ആഹാരപദാർത്ഥമായ രസം ഉണ്ടാകുന്നത് പോലെയാണ് രസം ഉണ്ടാകുന്നതെന്നും അദ്ദേഹം പറയുന്നു. അതായത് ഭക്ഷണപദാർത്ഥം പോലുള്ള ഒരു സാംസ്കാരിക വസ്തുവാണ് രസം.എന്നാൽ അദ്ദേഹം ജീവിതത്തിലെ വെറുംകാഴ്ചകളോടല്ല രസത്തെ സാദൃശ്യപ്പെടുത്തുന്നത്. ആഹാരം കഴിക്കുക രസം ഉണ്ടാക്കുക തുടങ്ങിയ പ്രക്രിയകളുമായാണ്.

സാംസ്കാരിക ഘടകങ്ങളെ എങ്ങനെ സമീപിക്കുന്നു, ഭൗതിക വസ്തുക്കളെ എങ്ങനെ കാണുന്നു എന്നതാണ് ഇവിടെ വിഷയം. കട്ടിൽ, മേശ, മരങ്ങൾ ഇവയെയൊക്കെ ,വിവിധയിനം കട്ടിലുകൾ, വിവിധയിനം മേശകൾ വിവിധയിനം മരങ്ങൾ ഒക്കെ ഒറ്റ ഒറ്റ സത്യങ്ങളായി കാണുന്നവരുണ്ട്. അതല്ല ഇതിന് പിന്നിൽ ഒരു സത്യമോ ആശയമോ ഉണ്ട് എന്ന് കരുതുന്നവരും ഉണ്ട്.ഒരു ക്ലാസ് മുറിയിലെ പല കുട്ടികൾ, പഠിപ്പിക്കുന്നയാൾ ,ബോർഡ്, കസേര, മേശ ഇതൊക്കെ ഒറ്റയൊറ്റ സത്യങ്ങളായി കാണുന്നവരും എല്ലാറ്റിന്റേയും പിന്നിൽ ആശയമുണ്ടെന്നോ ആത്മാവുണ്ടെന്ന് പറയുന്നവരും

ഉണ്ട്. പ്ലേറ്റോ എല്ലാറ്റിന്റേയും പിന്നിൽ ആശയമുണ്ട് എന്ന് പറഞ്ഞു.എന്നാൽ മറ്റൊരു ഉത്തരമുണ്ട്. ക്ലാസ്സ് റൂമിലെ പഠന പ്രക്രിയയാണ് ക്ലാസിലെ എല്ലാ വസ്തുക്കൾക്കും അർത്ഥം നൽകുന്നത് എന്ന്. ഒരു ചോക്ക് ക്ഷണം വെള്ളപൊടികളുടെ സംഘാതമാണ് എന്ന് പറയാം. എഴുതി കഴിയുമ്പോൾ പൊടികളായി ബോർഡിന് താഴെ കാണുന്നത് അതിന് ഉദാഹരണമാണ്. ചിലർ ചോക്കല്ല സത്യം ചോക്കിന് പിന്നാലെ ആശയമാണ് സത്യമെന്ന് പറയും. അതാണ് പ്ലേറ്റോയുടെ വഴി.പക്ഷെ വെള്ളപൊടിയോ മുൻകൂട്ടിയുള്ള ആശയമോ അല്ല ഈ സന്ദർഭത്തിൽ അതൊരു പ്രക്രിയയുടെ ഭാഗമാണ്, പഠന പ്രക്രിയയുടെ ഭാഗമാണ് എന്ന് മറ്റ് ചിലർ പറയും. അതാണ് ആ പ്രക്രിയയാണ് ചോക്കിന്റെ അർത്ഥമെന്ന് പറയും.അരിസ്റ്റോട്ടിൽ അതാണ് പറഞ്ഞത്. പ്രകൃതിയെ അനുകരിക്കുന്നു എന്ന് പറഞ്ഞാൽ ,പ്രകൃതിയിലെ പക്ഷിയെ അനുകരിക്കുകയല്ല, പക്ഷിയെ പക്ഷിയാക്കുന്ന പ്രക്രിയയ്ക്ക് പിന്നിലെ കാരണങ്ങളെ അനുകരിച്ച് ഒരു പ്ലെയിൻ ഉണ്ടാക്കുന്നത് പോലെയാണ് അരിസ്റ്റോട്ടിലിന്റെഅനുകരണം. പ്രകൃതി തന്നെ ക്രിയയാണ്, ആ ക്രിയയുടെ അനുകരണമാണ് കൃതി.ക്രിയയുടെ അനുകരണമാണ് ട്രാജഡി എന്ന് അരിസ്റ്റോട്ടിൽ പറഞ്ഞത് അതുകൊണ്ടാണ്. നാട്യശാസ്ത്ര കാരനും ഈ അനുകരണ സങ്കല്പമാണുള്ളത്. പല വ്യഞ്ജനങ്ങളുടെ അനുകരണമല്ല കല. പലവ്യഞ്ജനങ്ങൾ ചേർന്ന് രസം ഉണ്ടാകുന്ന പ്രക്രിയയുമായാണ് നാട്യരസത്തെ ഭരതമുനി സാദൃശ്യപ്പെടുത്തുന്നത്. പല വ്യഞ്ജനങ്ങളുടെ അനുകരണമല്ല കൃതി. ആഹാരപദാർത്ഥം ഉണ്ടാക്കുന്ന പ്രക്രിയയാണ് കൃതി. പ്രകൃതിയെത്തന്നെ പ്രക്രിയയായി കണ്ടിട്ട് ആ പ്രക്രിയയുടെ അനുകരണമായി കാണുന്ന അരിസ്റ്റോട്ടിലിന്റെ രീതിയാണ് ഇത്. സംസ്കാരമെന്ന് നിശ്ചല മോ പൂർണ്ണമായതോ അല്ല എന്നും ചിലതിന്റെ സ്വീകരണവും ചിലതിന്റെ നിരാകരണവുമാണ്, എന്നും സംസ്കാരം എന്ന ത് നിശ്ചലമായ ഒന്നല്ല

സംഘർഘാ ത്മകമായ പ്രക്രിയയാണ് എന്നും ഒക്കെ പറയുന്ന മാർക്സിസ്റ്റ് സാംസ്കാരിക വിമർശകരിലും ഈ നിലപാടുണ്ട്. ഇതാണ് നാട്യശാസ്ത്ര കാരന്റേയും നിലപാട്. കേവലമായ അനുഭവങ്ങളല്ല, ഭാവങ്ങളല്ല കാവ്യാനുഭവം. അതിനിടയിൽ ഒരു പ്രക്രിയ ഉണ്ട്.പല വ്യഞ്ജനങ്ങളിൽ നിന്നും കഴിക്കുന്നരസം ആഹാരപദാർത്ഥമായ രസം ഉണ്ടാകും പോലെയാണ് അത്.അതുകൊണ്ട് തന്നെ ഭാവവും രസവും നാട്യശാസ്ത്രകാരൻ സങ്കല്പിക്കുന്നു. ഭാവത്തിൽ നിന്നാണ് രസം ഉണ്ടാകുന്നത്. രസാനുഭവത്തിന്റെ പൂർവ്വരൂപമാണ് ഭാവം. മുളക് പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, പുളി ഇവ ചേർന്ന് രസം ഉണ്ടാകുന്നു. രസത്തിന്റെ പൂർവ്വരൂപമാണ് മുളക് പൊടി. മുളക് പൊടിയെ ഭാവത്തോട് സാദൃശ്യപ്പെടുത്തിയാൽ ആഹാരപദാർത്ഥമായ രസം കാവ്യ രസമാണ്. മുളക് പൊടി നമ്മുക്ക് തിന്നാൻ പ്രയാസമാണ് അതു പോലെ ദുഃഖം അഥവാ ശോകം നമ്മുക്ക് പ്രയാസമാണ്. എന്നാൽ രസത്തിലെ മുളക് പൊടി ആസ്വാദ്യമാണ്. അതുപോലെ ജീവിത ദുഃഖം സുഖകരമല്ല കാവ്യ ദുഃഖം ആസ്വാദ്യമാണ്. അതായത് കാവ്യരസം ഭക്ഷണം പോലുള്ള ഒരു സാംസ്കാരിക വസ്തുവാണ്. പക്ഷെ അതൊരു നിർമ്മിതിയാണ്. ആസ്വാദ്യ ജനകവുമാണ്.

ജീവിതാനുഭവവും കാവ്യാനുഭവവും തമ്മിലുള്ള ബന്ധത്തിനുള്ള നാട്യശാസ്ത്രകാരന്റെ ഉത്തരമാണ് പരിശോധിച്ചത്. ജീവിതാനുഭവം തന്നെയാണോ കാവ്യാനുഭവം എന്ന് ചോദിച്ചാൽ ജീവിതാനുഭവം തന്നെയാണ് കാവ്യാനുഭവം. എന്നാൽ ജീവിതം തന്നെ പ്രക്രിയകളാണ് ആ പ്രക്രിയ പോലെയാണ് കാവ്യാനുഭവം എന്നാണ് ഉത്തരം. അതു കൊണ്ട് ജീവിതത്തിലെ പൂർവ്വാനുഭവങ്ങളിൽ നിന്നും വ്യത്യസ്തമാണ് കാവ്യാനുഭവം. പ്രകൃതിയുടെ അനുകരണമാണ് കല എന്ന് പറയാം.എന്നാൽ ഒരു കാക്കയുടെ ഫോട്ടോസ്റ്റാറ്റ്കോപ്പി മോഡൽ പകർപ്പല്ല കല, കാക്കയുടെ പറക്കൽ പ്രക്രിയയുടെ അനുകരണമാണ്, അതാകട്ടെ പ്ലെയിൻ എന്ന മറ്റൊരു

നിർമ്മിതിയാണ്.ഇതു പോലെയാണ് കാവ്യാനുഭവം. ഇനി ഈ അനുഭവം എങ്ങനെയാണ് വിനിമയം ചെയ്യുന്നത് എന്നതാണ് പ്രശ്നം

2. എങ്ങനെയാണ് രസം നിർമ്മിക്കപ്പെടുന്നത്, വിനിമയം ചെയ്യപ്പെടുന്നത്? എന്നതിന് നാട്യശാസ്ത്ര കാരന് ഉത്തരങ്ങൾ ഉണ്ട്.

അനുഭവം വിനിമയം ചെയ്യണമെങ്കിൽ ടി.എസ്.എലിയറ്റ് ഒക്കെ പറയും പോലെ ചില വസ്തുക്കളുടെ സംയോജനത്തിലൂടെ മാത്രമേ സാധിക്കൂ എന്ന് നാട്യ ശാസ്ത്രകാരൻ കരുതി. അവതരിപ്പിക്കുന്ന അനുഭവങ്ങൾ വിനിമയം ചെയ്യാൻ പാകത്തിനുള്ള കഥാപാത്രങ്ങൾ, അതിന് പറ്റിയ പരിസരവിവരണങ്ങൾ, അതിന് അനുകൂലമായ സംഭാഷണങ്ങൾ, ശരീരചലനങ്ങൾ, ശാരീരിക പ്രകടനങ്ങൾ, ഭാവപ്രകടനങ്ങൾ, ഇവയെല്ലാം ചേർന്നാണ് ഒരു പ്രധാനഭാവം രസമായി മാറുന്നത്.നേരത്തെ പറഞ്ഞ പോലെ കാവ്യാനുഭവം ഒരു പ്രക്രിയ ആയതിനാൽ ആഖ്യാനപ്പെടലിലൂടെ മാത്രമേ അത് രൂപപ്പെടുകയും അനുഭവപ്പെടുകയും ഉള്ളൂ.

ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ ', 'കടൽത്തീരത്ത് ' എന്നീ രണ്ട് കഥകൾ ഉദാഹരണമായി എടുക്കാം .ഭൂമിയുടെ അവകാശികളിൽ അനുഭവം എങ്ങനെ രൂപപ്പെടുന്നു എന്ന് ആദ്യം നോക്കാം. മനുഷ്യർ പ്രപഞ്ചത്തിന് മേൽ നടത്തുന്ന ഹിംസയിലുള്ള ദുഃഖമാണ് ഇവിടെ അനുഭവിപ്പിക്കാൻ ശ്രമിക്കുന്നത്. ആഖ്യാതാവിന്റെ ദു:ഖത്തെ വർദ്ധിപ്പിക്കുന്നതിന് അവലംബമായി കഥാപാത്രങ്ങൾ കാണാം. ഭൂമിയുടെ അവകാശികളിൽ പ്രധാനമായും ഹിംസയുടെ വക്താവായി എത്തുന്നത് ഭാര്യയാണ്. .അതു പോലെ നാലുവശവും മുള്ളുവേലി കെട്ടിയ സുഭദ്രവും സുരക്ഷിതവുമെന്ന് കരുതിയ രണ്ടേക്കർ പറമ്പും അവിടെ പത്തിവിടർത്തി നിൽക്കുന്ന പാമ്പും പാമ്പിന്റെ കണ്ട് പേടിച്ച് നിൽക്കുന്ന മറ്റു ജീവജാലങ്ങളും പാമ്പിനെ കൊല്ലാൻ നിൽക്കുന്ന മനുഷ്യനും ആണ് ഭൂമിയുടെ അവകാശിയുടെ

പശ്ചാത്തലം. അതുപോലെ ഈ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ ഉണ്ട്.

നായ കുരയ്ക്കുന്നതും പക്ഷികൾ കൊക്കുന്നതും കണ്ടിട്ട് പാമ്പോ ചേരയോ ആണോ എന്ന് ചോദിക്കുമ്പോൾ 'സഖാവ് മൂർഖൻ' എന്ന് ആഖ്യാതാവ് മറുപടി പറയുന്നു. അടിച്ച് കൊന്നില്ലേ എന്ന് ആഖ്യാതാവ് ചോദിക്കുമ്പോൾ എല്ലാം ഈശ്വര സൃഷ്ടി, ഭൂമിയുടെ അവകാശികളാണ് എന്ന് മറുപടി പറയുന്നു. മനുഷ്യരെ കൊല്ലുന്ന പാമ്പിനെ ദൈവം എന്തിന് സൃഷ്ടിച്ചു എന്ന ചോദ്യം കൊണ്ട് ഇതിനെ ഭാര്യ നേരിടുന്നു. പ്രകൃതിഹിംസാ ദുഃഖത്തെ ഈ സംഭാഷണങ്ങൾ ഉന്നയിക്കുന്നു.

അതുപോലെ തെങ്ങിന്റെ മണ്ടയില്ലാതാക്കുന്ന എലിയെ കൊല്ലുന്ന കാര്യവും സംഭാഷണത്തിലൂടെയാണ് സ്ഥാപിക്കപ്പെടുന്നത്.എലിവിഷം വാങ്ങാൻ ആഖ്യാതാവ് നിർബന്ധിക്കപ്പെടുന്നു.ഇരുന്നൂറ് എട്ടുകാലി അൻപത് പാറ്റ തുടങ്ങിയവയെ എന്ത് ചെയ്തു എന്ന് ആഖ്യാതാവ് ചോദിക്കുമ്പോൾ കൊന്നു എന്ന മറുപടി.അവ ഭൂമിയുടെ അവകാശികൾ ആണ് എന്ന് പറയുമ്പോൾ 'തേങ്ങാക്കുല' എന്നാണ് ഭാര്യയുടെ മറുപടി. അതുപോലെ തെങ്ങിന്റെ മണ്ടയിലെ കരിക്കിനെ നശിപ്പിച്ച എലി കൊല്ലണമെന്നും ഭാര്യ പറയുന്നു.എലിവിഷം വാങ്ങാൻ ആഖ്യാതാവ് തന്നെ പോകേണ്ടിയും വരുന്നു. ഈ സംഭാഷണഭാഗവും ഹിംസയുടെ അനുഭവത്തെയാണ് വർദ്ധിപ്പിക്കുന്നത്.

അതുപോലെ കഥാപാത്രങ്ങളുടെ ശാരീരിക ചലനങ്ങളും പ്രകടനങ്ങളും അനുഭവത്തെ വർദ്ധിപ്പിക്കുന്നു.പഴുതാരയെ ഷൂസുകൊണ്ട് തലക്കടിച്ച് ചതച്ച് കൊല്ലൽ, ജീവികളുടെ (ഇരുന്നൂറ് എട്ട് കാലിയും അൻപത് പാറ്റയും മുപ്പത് ചീവീടും അഞ്ചു തേളും നാലു പഴുതാരയും രണ്ടായിരം ഉറുമ്പുകളും അഞ്ഞൂറ് ചിതലുകളും) കൂട്ടക്കൊലയായി മാറുന്ന <u>ഉത്തുവാരൽ</u> - ഇത്തരം ശാരീക പ്രക്രിയകളും പ്രകൃതിഹിംസാ ദുഃഖത്തെ അനുഭവിപ്പിക്കുന്നു.വിഷം കൊടുത്ത്

കൊല്ലപ്പെട്ട അനേകം എലികളെയും മറ്റും കാണമ്പോൾ മനുഷ്യന് ജീവിക്കാൻ ഇവയെയൊന്നും കൊല്ലാതെ പറ്റില്ലേ എന്ന് ഭൂമിയുടെ അവകാശികളിലെ ആഖ്യാതാവ് വിലപിക്കുന്നു. ആ വിലാപവും അനുഭവ വിനിമയത്തെ സാധ്യമാകുന്നു. മറ്റുള്ളവരുടെ പ്രവൃത്തി കൊണ്ടും തന്റെ നിസ്സഹായ അവസ്ഥ കൊണ്ടും ഉണ്ടാകുന്ന ഭൂമിയുടെ അവകാശികളിലെ ആഖ്യാതാവിന്റെ ക്ഷണികഭാവങ്ങളും അനുഭവത്തെ വർദ്ധിപ്പിക്കുന്നു

ഇപ്പറഞ്ഞ കഥാപാത്ര സാന്നിധ്യത്തെയും പരിസര സാനിദ്ധ്യത്തെ യുമാണ്, അതായത് ആഖ്യാതാവിന്റെ ഭാര്യ, രണ്ടേക്കർ പുരയിടം ഇവയെയാണ് വിഭാവം എന്ന് നാട്യശാസ്ത്രകാരൻ വിളിക്കുന്നത്. കഥാപാത്രങ്ങളെ ആലംബനവിഭാവമെന്നും സാഹചര്യങ്ങളെ ഉദ്ദീപന വിഭാവമെന്നും വിളിക്കുന്നു.മേൽപറഞ്ഞ സംഭാഷണങ്ങളും (വാചികം) ജീവികളെ തല്ലിക്കൊല്ലുന്ന പ്രവൃത്തികളും (ആംഗികം) വിലാപങ്ങളും (സാത്വികം) അനുഭാവങ്ങളാണ്. .മറ്റുള്ളവരുടെ പ്രവൃത്തികൊണ്ടും തന്റെ നിസ്സഹായ അവസ്ഥ കൊണ്ടും ഉണ്ടാകുന്ന ഭൂമിയുടെ അവകാശികളിലെ ആഖ്യാതാവിന്റെ ക്ഷണികഭാവങ്ങ(ശങ്ക)ളും അനുഭവത്തെ വർദ്ധിപ്പിക്കുന്നു .ഇത്തരത്തിൽ കൃതിയിൽ കാണുന്ന ക്ഷണിക ഭാവ സാന്നിധ്യങ്ങളെയാണ് വ്യഭിചാരി ഭാവങ്ങൾ അഥവാ സഞ്ചാരീ ഭാവങ്ങൾ എന്ന് പറയുന്നത്. ഇങ്ങനെ വിഭാവങ്ങൾ അനുഭാവങ്ങൾ, വ്യഭിചാരി ഭാവങ്ങൾ ഇവയുടെ സംയോഗത്തിലൂടെയാണ് കേവലമായ ഭാവങ്ങൾ രസമായി മാറുന്നത് എന്ന് നാട്യശാസ്ത്രകാരൻ പറയുന്നു.

ഇവിടെ സ്ഥായിഭാവം പ്രകൃതിഹിംസയിൽ നിന്നുമുണ്ടാകുന്ന ശോകമാണ്. ഹിംസയുടെ പ്രതീകമായി മാറുന്ന ഭാര്യ ആലംബന വിഭാവവും ജീവജാലങ്ങളുടെ ആധിക്യവും അതിക്രമവും ഉള്ള രണ്ടേക്കർ വസ്തു ഉദ്ദീപനവിഭാവവും ആണ്. അഹിംസയ്ക്ക് മേൽ ഹിംസ കടന്ന് വരുന്ന

സംഭാഷണം വാചികാനുഭാവം, പഴുതാരയെ ഷൂസിട്ടടിച്ച് കൊല്ലുന്നത് ആംഗികാനുഭാവം, ജീവികളെ കൊല്ലാതെ ജീവിക്കാനാ വില്ലേ എന്ന വിലാപം സാത്വികാനുഭാവമാണ്. മറ്റുള്ളവരുടെ പ്രവൃത്തി കൊണ്ടും തന്റെ നിസ്സഹായാവസ്ഥ കൊണ്ടും ഉണ്ടാകുന്ന ക്ഷണിക ഭാവം സാങ്കേതികമായി പറഞ്ഞാൽ ഗ്ലാനി അതായത് സഞ്ചാരി ഭാവങ്ങൾ ഇവ ചേർന്നാണ് രസം ഉണ്ടാകുന്നത്.

ഭരണകൂടം മകനെ ഹിംസിക്കുന്നതിലുള്ള ദുഃഖമാണ് കടൽത്തീരത്ത് എന്ന കഥയിൽ .ആ ഭാവമാണ് വിനിമയം ചെയ്യേണ്ടത്.വെള്ളായിയപ്പന്റെ ദുഃഖത്തെ വർദ്ധിപ്പിക്കുന്നത് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട കണ്ടുണ്ണി എന്ന മകനാണ് ഇവിടെ ആലംബനവിഭാവം.പണമില്ലാത്തത് കൊണ്ട് മാത്രം കൂടെ പോകാനാകാതെ നിൽക്കുന്ന ഗ്രാമവും അപ്പന്റെ ശവം കുളിപ്പിച്ച, കുട്ടിക്കാലത്ത് മകൻ കുളിച്ച പുഴയും ഒക്കെയാണ് ദുഃഖത്തെ ഉദ്ദീപിപ്പിക്കുന്നത്. അത് ഉദ്ദീപനവിഭാവം. കണ്ടുണ്ണി എന്ന കഥാപാത്രവും മകന്റെ ഓർമ്മയുള്ള പുഴയും ചേരുന്നതാണ് ഇവിടെ വിഭാവം. കടൽത്തീരത്ത് എന്ന കഥയിലെ മൗന സംഭാഷണങ്ങളും അത്തരത്തിൽ ദുഃഖത്തിന്റെ നിസ്സഹായതയെ അനുഭവിക്കുന്നു. വെള്ളായിയേ എന്ന മരയ്ക്കാരുടെ വിളി. വിളിയ്ക്കിടയിലെ മരയ്ക്കാരുടെയും വെള്ളായിയുടെയും മൗന ഭാഷണങ്ങളുമാണ് ഇവിടത്തെ സംഭാഷണം. മരയ്ക്കാരെ നിങ്ങൾക്കു ഞാൻ പതിനഞ്ചുറുപ്പിക കടം വീട്ടാനുണ്ട് അല്ല പതിനഞ്ചു റുപ്പികയും നാലണയും എന്ന് വെള്ളായി.വെള്ളായി യേ ഈ യാത്രയിൽ അതിനെ കുറിച്ച് ഓർക്കരുത് എന്ന് മരയ്ക്കാർ. വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ് അതങ്ങനെ തന്നെയിരിക്കട്ടെ. ഉള്ളു പൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു. പടച്ചവൻതുണയ്ക്കും മുത്തു നബി തുണയ്ക്കും എന്റെയും നിന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ.ഈ സംഭാഷണങ്ങൾ ദുഃഖത്തെ അനുഭവിപ്പിക്കുന്നു. അതുപോലെ.എന്താണ് ചെയ്ത കുറ്റം എന്ന വെള്ളായിയുടെ

ചോദ്യവും അറിയില്ല എന്ന കണ്ടുണ്ണിയുടെ ഉത്തരവും ഒന്നും അറിയേണ്ടതില്ല വെള്ളായിയുടെ മറുപടിയും അത്തരം സംഭാഷണങ്ങളും ദുഃഖത്തെ വർദ്ധിപ്പിക്കുന്നു.

തീവണ്ടിയുടെ ഒന്നാം ക്ലാസും റിസർവ്വ് കമ്പാർട്ട്മെന്റും നടന്ന് കടന്ന് ജനറലിൽ കയറി സീറ്റില്ലാതെ നിൽക്കുന്ന വെള്ളായി അപ്പന്റെ ശാരീരികചേഷ്ടകളും നിശ്വാസവും ഓർമ്മക്കുറവും ഒക്കെ വെള്ളായിയപ്പന്റെ ദുഃഖത്തെ വിനിമയം ചെയ്യുന്നു. ഇവിടത്തെ സംഭാഷണവും (വാചികം) വെള്ളായിയപ്പന്റെ നിസ്സഹായ നടത്തവും നില്പും (ആംഗികം) നിശ്വാസവും ഓർമ്മക്കുറവും (സാത്വികം) അനുഭാവങ്ങളാണ്. നാടകത്തിലും ചലച്ചിത്രത്തിലും ആംഗിക വാചിക സാത്വിക അഭിനയ രീതിയാണ് അനുഭാവമായി മാറുന്നത്. വാക്കും പ്രവൃത്തിയും നഷ്ടപ്പെട്ടു പോകുമ്പോഴുള്ള ക്ഷണിക ഭാവങ്ങൾ (ഗ്ലാനി) കടൽത്തീരത്ത് എന്ന കഥയിലെ സമഗ്രാനുഭവത്തെ നിർണ്ണയിക്കുന്നതിന് സഹായിക്കുന്നു. അത്തരം ക്ഷണികാനുഭവങ്ങളെ വ്യഭിചാരീ ഭാവങ്ങൾ അഥവാ സഞ്ചാരീ ഭാവങ്ങൾ എന്ന് പറയുന്നു.

അതായത് വെള്ളായിയപ്പന്റെ ശോകമാണ് ഇവിടെ ആവിഷ്കരിക്കേണ്ട ഭാവം. വധശിക്ഷയ്ക്ക് ശിക്ഷിക്കപ്പെട്ട മകൻ ആലംബനവിഭാവവും മകനെ കുളിപ്പിച്ച പുഴ ഉദ്ദീപന വിഭാവവും വെള്ളായിയും മരയ്ക്കാരും തമ്മിലുള്ള മൗന ഭാഷണങ്ങളും വെള്ളായിയും മകനും തമ്മിലുള്ള സംഭാഷണങ്ങളും വാചിക അനുഭാവമാണ്.ഒന്നാം ക്ലാസും റിസർവ്വ് കമ്പാർട്ട്മെൻറും കടന്ന് ജനറലിൽ കയറിയുള്ള വെള്ളായിയപ്പന്റെ നിൽപ്പ് ആംഗികാനുഭവമാണ്. വെള്ളായി യുടെ നിശ്വാസവും ഓർമ്മക്കുറവും സാത്വികനുഭാവങ്ങളാണ്.വാക്കും പ്രവൃത്തിയും നഷ്ടപ്പെട്ടു പോകുന്ന ഗ്ലാനി എന്ന ക്ഷണിക ഭാവപ്രകടനമാണ് ഇവിടെ വ്യഭിചാരിഭാവം അഥവാ സഞ്ചാരി ഭാവം. ഇത്തരത്തിൽ ഒരു കൃതിയിൽ അനുഭവിപ്പിക്കാൻ ശ്രമിക്കുന്ന മനോവികാരങ്ങൾ

കഥാപാത്രങ്ങളിലൂടെ പരിസരവർണ്ണനകളിലൂടെ,കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെ ശാരീരിക ചേഷ്ടകളിലൂടെ അവരുടെ ക്ഷണിക ഭാവപ്രകടങ്ങളിലൂടെയാണ് രസമായി മാറുന്നത്.വ്യക്തികളെയും സ്ഥലകാലങ്ങളെയും ആ അർത്ഥത്തിൽ ചരിത്രത്തെയും ഭൗതികസാഹചര്യങ്ങളെയും സംഭാഷണങ്ങളെയും ശരീരചലനങ്ങളെയും ഭാവപ്രകടനങ്ങളെയും സംബോധന ചെയ്യുന്ന സിദ്ധമാണ് രസസിദ്ധാന്തം എന്ന് പറയാം. വിഭാവത്തിന് അഥവാ സ്ഥലകാലസാഹചര്യത്തിന് കാലഘട്ടം എന്ന അർത്ഥം പിൽക്കാലത്ത് മുണ്ടശ്ശേരി നൽകുന്നുണ്ട്.

ഇനി മറ്റൊരു വിഷയം ഏതെല്ലാം ഭാവങ്ങളാണ് രസമായി മാറുന്നത് എന്നാണ്. ഇവിടെ ശോകത്തെക്കുറിച്ചും നിസ്സഹായതയിൽ നിന്നും ഉണ്ടാകുന്ന ശങ്ക എന്ന അനുഭവത്തെക്കുറിച്ചും വാക്കും പ്രവൃത്തിയും നഷ്ടപ്പെട്ട് പോകുന്ന ഗ്ലാനി എന്ന അനുഭവത്തെക്കുറിച്ചും കൃതിയിൽ ഉണ്ട് എന്ന് എന്നാൽ ഒരു കൃതിയിൽ നിന്നും സമഗ്രമായി ഏതെല്ലാം അനുഭവങ്ങൾ ഉണ്ടാകുന്നു എന്നതാണ് അന്വേഷണ വിഷയം.

ഏതൊക്കെ അനുഭവങ്ങളാണ് കലയിൽ നിന്നും ലഭിക്കുന്നത്? എന്ന നാട്യശാസ്ത്രകാരന്റെ ഉത്തരമാണ് ഇനി അന്വേഷിക്കേണ്ടത്.എട്ട് അനുഭവങ്ങൾ പ്രധാനമായും നൽകുന്നു എന്നാണ് നാട്യശാസ്ത്രകാരന്റെ ഉത്തരം. ഓരോകൃതിയും ഓരോ അനുഭവമാണ് നൽകുന്നത്. അങ്ങനെയല്ലെങ്കിൽ പുതിയ പുതിയ കൃതികൾ എഴുതപ്പെടുകയോ വായിക്കപ്പെടുകയോ ഇല്ല.എന്നാൽ അനുഭവങ്ങൾ വ്യത്യസ്തമായിരിക്കുമ്പോൾ തന്നെ ചില രീതിയിൽ അവയെ സാമ്യപ്പെടുത്താനാവും. മനുഷ്യരെല്ലാവരും വ്യത്യസ്തരാണെങ്കിലും ജീവിവർഗ്ഗങ്ങൾക്കിടയിൽ മനുഷ്യന് പൊതുവായി ചില സാദൃശ്യങ്ങൾ ഉണ്ട് എന്ന് പറയുമ്പോലെ മനുഷ്യരെല്ലാം വ്യത്യസ്തരാണെങ്കിലും ഓരോ രാജ്യക്കാർക്കും സമാനതകൾ ഉണ്ട് എന്ന പോലെ കാവ്യാനുഭവങ്ങൾ വ്യത്യസ്തമാണെങ്കിലും

അവയെ എട്ടെണ്ണമായി ക്ലിപ്തപ്പെടുത്താനാകും.പ്രധാനമായും എട്ടുരസങ്ങളാണ് ഉള്ളത് എന്ന് നാട്യ ശാസ്ത്രകാരൻ കരുതി. ഇന്ത്യക്കാരുടെ ഏറ്റവും മൗലികതയുള്ള സൗന്ദര്യ ശാസ്ത്രനിരീക്ഷണം ഇതാണെന്ന് തോന്നുന്നു. 8 രസത്തിന് പിന്നിൽ 8ഭാവങ്ങളെയും അദ്ദേഹം സങ്കല്പിച്ചു. അവയെ അദ്ദേഹം സ്ഥായി ഭാവങ്ങൾ എന്ന് വിളിച്ചു. അരിസ്റ്റോട്ടിൽ ഭയത്തെയും കരുണത്തെയും ട്രാജഡിയുടെ അടിസ്ഥാന അനുഭവമായി പറഞ്ഞ പോലെയാണിത്. ഒരു കൃതിയിൽ ഉടനീളം നിലനിൽക്കാൻ കഴിയുന്ന ഭാവങ്ങളെയാണ് സ്ഥായി ഭാവങ്ങളായി സങ്കല്പിച്ചത്. ഭാവങ്ങൾ കൃതിയിൽ അവതരിക്കപ്പെടാൻ അവലംബമാകുന്ന മനോവികാരങ്ങളാണ്. എന്നാൽ എല്ലാ വികാരങ്ങളും സ്ഥായി ഭാവങ്ങളല്ല.ലജ്ജ, ആലസ്യം പോലുള്ള ഭാവങ്ങൾ അനുബന്ധ ഭാവങ്ങളാണ്. ഒരാൾക്ക് ലജ്ജയുണ്ട്, ആലസ്യമുണ്ട് എന്ന് പറയുമ്പോൾ എന്തുകൊണ്ട് ലജ്ജ എന്തുകൊണ്ട് ആലസ്യം എന്ന ചോദ്യം ഉണ്ടാകുന്നു എന്നാൽ ഒരാൾക്ക് ഉത്സാഹം ഉണ്ട് എന്ന് പറയുമ്പോൾ എന്തുകൊണ്ട് എന്ന ചോദ്യം ഉണ്ടാകുന്നില്ല.എന്നാൽ ലജ്ജ, ആലസ്യം മേൽപ്പറഞ്ഞ ശങ്ക, ഗ്ലാനി തുടങ്ങിയവ മറ്റ് വികാരങ്ങളുടെ അനുബന്ധമായാണ് വരുന്നത് എന്നതാണ് വ്യത്യാസം. അതായത് ചരിത്രത്തിൽ ഒരു പാട് കാലം സഞ്ചരിച്ചതും ആവർത്തിച്ചതുമായ അടിസ്ഥാന വികാരങ്ങളാണ് സ്ഥായി ഭാവങ്ങൾ. (സാമൂഹികാബോധത്തിലെ ആദിരൂപങ്ങളുടെ സ്വഭാവം അതിനുണ്ട്.)

എന്നാൽ അവ ജൈവചോദനകളല്ല. മൃഗരതിയിൽ നിന്നും മനുഷ്യരതിക്ക് വ്യത്യാസമുണ്ട്. അതിന് കാരണം ചരിത്രമാണ്. പട്ടിയെ പേടിക്കുന്ന പൂച്ചയിൽ നിന്നും മനുഷ്യന്റെ ഭയത്തിന് വ്യത്യാസമുണ്ട്. മനുഷ്യൻ ചില മനുഷ്യരെയും ആശയങ്ങളെയും അവനവനെത്തന്നെയും ചിലപ്പോൾ ഭയക്കുന്നുണ്ട്. എന്നാൽ ഗുഹാജീവിതകാലത്ത് പിന്നിൽ നിന്നും ചാടി വീണ പുലി നൽകിയ ഭയത്തിന്റെയും മൃഗരതിയുടെയും ഏതെല്ലാമോ

പരിണിതാംശങ്ങൾ ഇന്നത്തെ മനുഷ്യന്റെ ഭയത്തിലും രതിയിലും ഉണ്ടാകാം. എന്നാൽ പ്രാചീന മനുഷ്യന്റെ ഭയമല്ല, ഇന്നത്തെ മനുഷ്യന്റെ ഭാവം.ബോധത്തിലും വർത്തമാനത്തിലും തലയും അബോധത്തിലും ചരിത്രത്തിലും വാലുമുള്ള ജീവിയാണ് സ്ഥായി ഭാവം എന്നർത്ഥം. ഇങ്ങനെ ചരിത്രത്താൽ നയിക്കപ്പെടുന്നതും ചരിത്രത്തെ നയിക്കാൻ ശേഷിയുള്ള വികാരങ്ങളാണ് സ്ഥായിഭാവങ്ങൾ.വൈരുധ്യങ്ങൾ നിറഞ്ഞ സാംസ്കാരിക അനുഭവങ്ങളാണ് അവ.ഭാവങ്ങൾക്ക് മാറ്റമുണ്ടാവില്ല എന്ന സങ്കല്പം നാട്യ ശാസ്ത്രകാരനില്ല. അങ്ങനെയെങ്കിൽ രസാനുഭ വത്തിന് സ്ഥായി ഭാവത്തിൽ നിന്നും വ്യത്യസ്തമായി മറ്റൊരു പേർ ഇടില്ലായിരുന്നു. ഇവിടെ അങ്ങനെയല്ല 8 സ്ഥായി ഭാവങ്ങളും 8 രസങ്ങളുമുണ്ട്.

സ്ഥായി ഭാവം - രസം

രതി - ശൃംഗാരം

ഹാസം - ഹാസ്യം

ശോകം -കരുണ

ക്രോധം _ രൗദ്രം

ഉത്സാഹം-വീരം

ഭയം - ഭയാനകം

ജുഗുപ്സ - ബീഭത്സം

വിസമയം - അത്ഭുതം

കലയിൽ നിന്നും 8 അനുഭവങ്ങൾ മാത്രമേ ഉണ്ടാകുന്നുള്ളൂ എന്നല്ല ഇതിനർത്ഥം. 8 കൃതികളേ വേണ്ടതുള്ളൂ എന്ന് നാട്യശാസ്ത്രകാരൻ പറഞ്ഞിട്ടില്ല. ഈ സ്ഥായീഭാവങ്ങളെ പല രീതിയിൽ സ്പർശിച്ച കൊണ്ട് പുതിയ അനുഭവങ്ങൾ ഉണ്ടാകുന്നു എന്നാണ്. നേരത്തെ സൂചിപ്പിച്ച പ്രകാരമുള്ള കഥാപാത്രങ്ങളും പരിസരങ്ങളും (വിഭാവം)സംഭാഷണങ്ങൾ, ശരീരചലനങ്ങൾ, ശരീര ചേഷ്ടകൾ

(അനുഭാവം) ക്ഷണികഭാവ സാനിധ്യങ്ങൾ (വ്യഭിചാരി ഭാവങ്ങൾ) ഇവയുടെ എല്ലാം സംയോഗത്തിലൂടെ സ്ഥായി ഭാവം രസമായി പരിവർത്തിക്കുന്നു എന്നതാണ് നാട്യശാസ്ത്രകാരന്റെ സങ്കല്പം.ഇവിടെ സ്ഥായി ഭാവങ്ങളും രസവും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു, എങ്ങനെ വിഭാവാദികൾ ചേരുന്നു എന്ന ചോദ്യം ഉയർന്ന് വരുന്നു.

അനുഭവം വിനിമയം ചെയ്യുന്ന കാര്യം നാട്യശാസ്ത്രകാരൻ വിഭാവാനുഭാവ വ്യഭിചരീസംയോഗാദ് രസനിഷ്പത്തിഃ എന്ന വാക്യത്തിലൂടെ നിരീക്ഷിക്കുന്നുണ്ട് എങ്കിലും അനുഭവങ്ങൾക്ക് ഉണ്ടാകുന്ന പരിണാമപ്രക്രിയ വേണ്ടത്ര വിശദീകരിച്ചിട്ടില്ല. അരിസ്റ്റോട്ടിൽ അനുഭവം വിനിമയം ചെയ്യപ്പെടുമ്പോൾ സ്ഥിതിവി പര്യവും അതായത് അനുഭവങ്ങളിലെ ഒരു തരം അട്ടിമറിയും പ്രത്യഭിജ്ഞാനവും അതായത് പുതിയ തിരിച്ചറിവും ഉണ്ടാകുമെന്ന് പറയുന്നുണ്ട്. എന്നാൽ ഉണ്ടാകുന്ന അനുഭവം അഥവാ കഥാർസിസ് വേണ്ടത്ര വിശദീകരിച്ചില്ല.അതിനാൽ കഥാർസിസിന് പല വ്യാഖ്യാനങ്ങൾ ഉണ്ടായി.ഭരതമുനി ഭാവം/രസം എന്നിങ്ങനെ പറഞ്ഞു കൊണ്ട് അനുഭവത്തിന്റെ വ്യത്യസ്തത ഊന്നി പറയുന്നുവെങ്കിലും സംയോഗത്തിൽ എന്ത് സംഭവിക്കുന്നു എന്ന് വേണ്ടത്ര വിശദീകരിച്ചില്ല.അതിനാൽ രസ സിദ്ധാന്തത്തിന് പല വ്യാഖ്യാനങ്ങൾ ഉണ്ടായി. എന്തായാലും കാവ്യത്തിൽ നിന്നും ലഭിക്കുന്ന അനുഭവം നിശ്ചലമോ ഭൗതിയേതരമോ ആണ് എന്ന നിലപാട് അദ്ദേഹം ഇല്ലായിരുന്നു. രസാനുഭവത്തെ ഒരു പ്രക്രിയയായി ,ദൈനംദിന ജീവിതാനുഭവത്തിന് തുല്യമായി വൈരുധ്യങ്ങൾ നിറഞ്ഞ ഒരു സാംസ്കാരിക ഉത്പന്നമായി നാട്യശാസ്ത്രകാരൻ കാണുന്നു.

---

*അസി.പ്രൊഫസർ, മലയാളവിഭാഗം, ഗവ.സംസ്കൃത കോളേജ്, പട്ടാമ്പി*